**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1308** **11-09-2023 - ൽ മറുപടിയ്ക്ക്**

**മാവൂർ എൻ.ഐ.ടി.-കൊടുവള്ളി റോഡിന്റെ സ്ഥലം ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച മാവൂർ എൻ.ഐ.ടി. കൊടുവള്ളി റോഡിന്റെ സ്ഥലം ഏറ്റെടുക്കൽ നടപടികൾക്ക് കല്ലിട്ട് അതിർത്തി നിർണ്ണയിക്കുന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; പ്രസ്തുത റോഡിന് സ്ഥലമേറ്റെടുക്കൽ നടപടികൾക്കായി കണ്ടിജൻസി ചാർജ്ജ് റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ടോ; | (എ) | മാവൂർ - എൻ.ഐ.ടി - കൊടുവള്ളി റോഡ് പ്രവൃത്തിക്ക് 10.07.2017-ൽ 25 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 15.02.2020-ൽ ഭൂമി ഏറ്റെടുക്കുന്നതിനായി 7 കോടി രൂപ ഉൾപ്പെടെ 52.20 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. 01/08/2022 ൽ ഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പ്അനുമതി നൽകിയിട്ടുണ്ട്. .അതിലേക്കുള്ള കണ്ടിജൻസി ചാർജിനത്തിൽ 13,53,377 രൂപ കിഫ്ബിയിൽ നിന്നും നൽകിയത് റവന്യൂവകുപ്പിന് കൈമാറിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |
| (ബി) | പ്രസ്തുത റോഡ് പ്രവൃത്തിയുടെ തുടർ നടപടികൾ മന്ദഗതിയിലാവുന്നത് പൊതുജനങ്ങളുടെ പ്രതിഷേധത്തിനും സമരങ്ങൾക്കും ഇടയാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | മാവൂർ - എൻ.ഐ.ടി - കൊടുവള്ളി റോഡ് പ്രവൃത്തിക്ക് 10.07.2017-ൽ 25 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 15.02.2020-ൽ ഭൂമി ഏറ്റെടുക്കുന്നതിനായി 7 കോടി രൂപ ഉൾപ്പെടെ 52.20 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. 01/08/2022 ൽ ഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പ്അനുമതി നൽകിയിട്ടുണ്ട്. .അതിലേക്കുള്ള കണ്ടിജൻസി ചാർജിനത്തിൽ 13,53,377 രൂപ കിഫ്ബിയിൽ നിന്നും നൽകിയത് റവന്യൂവകുപ്പിന് കൈമാറിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (സി) | KSEB, KWA എസ്റ്റിമേറ്റുകൾ ലഭ്യമാക്കൽ, ഭൂമി മുൻകൂറായി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ എന്നിവ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ